Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

Downloaded Copy - Association of Retired Teachers (ART)
Farook College

## സംഗ്രഹം

**ധനകാര്യ വകുപ്പ് - കാലവർഷക്കെടുതി - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് പെൻഷൻകാരുടെ ഒരുമാസത്തെ പെൻഷൻ തുക നൽകുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.**

---

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

സ.ഉ.(അച്ചടി) നം.171/2018/ധന. തീയതി, തിരുവനന്തപുരം, 07.11.2018

---

പരാമർശം:-22.09.2018 ൽ ധനകാര്യവകുപ്പ് മന്ത്രി നടത്തിയ പെൻഷൻ സംഘടനകളുടെ യോഗത്തിന്റെ മിനിറ്റ്സ്

## ഉത്തരവ്

സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയക്കെടുതി വരുത്തി വച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് 30000 കോടി രൂപയ്ക്ക് മേൽ വേണ്ടി വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സംസ്ഥാനത്തെ സർക്കാർ ജീവനക്കാരും മറ്റുള്ള വരുമാനക്കാരും തങ്ങളുടെ ഒരു മാസത്തെ ശമ്പളം/വരുമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകണമെന്ന് ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും പെൻഷൻകാരുടെ ഒരു മാസത്തെ പെൻഷനും വഴി 3800 കോടി രൂപയോളം സമാഹരിയ്ക്കുവാൻ കഴിയുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുവാൻ താൽപ്പര്യം പ്രകടിപ്പിച്ച് ധാരാളം പെൻഷൻകാർ സർക്കാരിനെ സമീപിയ്ക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പെൻഷൻകാർക്ക് ഒരു മാസത്തെ പെൻഷൻതുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നത് സംബന്ധിച്ച് സർക്കാർ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. പെൻഷൻകാരുടെ അപേക്ഷ പ്രകാരം മാത്രം ഒരു മാസത്തെ പെൻഷൻ തുക അല്ലെങ്കിൽ സമ്മതിച്ചിട്ടുള്ള തുക, സമ്മതിച്ചിട്ടുള്ള കാലപരിധിയിൽ ബന്ധപ്പെട്ട ട്രഷറി ഓഫീസർ പെൻഷനിൽ നിന്നും നേരിട്ട് കുറവ് ചെയ്ത് **TPA-80 (70101020000080)** എന്ന അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണ്.
2. സംഭാവന നൽകിയ തുകയുടെ രസീത് ട്രഷറിയിൽ നിന്ന് തന്നെ നൽകേണ്ടതാണ്.
3. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പെൻഷനിൽ നിന്നും സംഭാവന നൽകുന്നത് സംബന്ധിച്ച് ട്രഷറി ഓഫീസർമാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ട്രഷറികളിൽ അപേക്ഷയുടെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.
4. പെൻഷൻകാരിൽ നിന്നുള്ള അപേക്ഷയില്ലാതെ ഒരുകാരണവശാലും അവരുടെ പെൻഷനിൽ നിന്നും ഒരു തുകയും സംഭാവനയായി കുറവു ചെയ്യുവാൻ പാടുള്ളതല്ല.
5. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകാൻ ആഗ്രഹിക്കുന്ന പെൻഷൻ ജീവനക്കാർ അനുബന്ധമായി നൽകിയിരിക്കുന്ന അപേക്ഷ ബന്ധപ്പെട്ട ട്രഷറി ഓഫീസർമാരെ എൽപ്പിക്കേണ്ടതാണ്. പെൻഷൻകാർ ഒപ്പിട്ടു നൽകുന്ന അപേക്ഷയിലെ വിവരങ്ങൾ ശരിയാണെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതും അപേക്ഷ പ്രകാരം തുക കുറവ് ചെയ്യേണ്ടതും അത്തരത്തിൽ കുറവ് വരുത്തി ദുരിതാശ്വാസനിധിയിലേക്ക് അടയ്ക്കുന്ന തുകയുടെ കണക്ക് അതാത് മാസം ക്രോഡീകരിച്ച് ധനകാര്യവകുപ്പിനെ അറിയിക്കേണ്ടതുമാണ്.
6. ബാങ്ക് വഴി പെൻഷൻ വാങ്ങുന്ന ജീവനക്കാർ ഒരുമാസത്തെ പെൻഷൻ തുക അല്ലെങ്കിൽ സമ്മതിച്ചിട്ടുള്ള തുക , മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നതിലേക്ക് അപേക്ഷ തൊട്ടടുത്തുള്ള ട്രഷറിയിൽ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ട്രഷറി ഉദ്യോഗസ്ഥൻ പെൻഷനിൽ നിന്നും തുക കുറവുചെയ്തു TP-80 ലേയ്ക്ക് വരവുചെയ്യേണ്ടതുമാണ്.
7. മേൽ നിർദ്ദേശങ്ങൾ ട്രഷറിയിൽ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടെന്ന് എല്ലാ ട്രഷറി ഓഫീസർമാരും ഉറപ്പു വരുത്തേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**മനോജ് ജോഷി**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്)

കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, ട്രഷറി
എല്ലാ ജില്ലാ /സബ് ട്രഷറി
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ, തിരുവനന്തപുരം
സെക്രട്ടറിയേറ്റ്, എല്ലാ വകുപ്പുകളും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സർവ്വകലാശാലകൾ, കേരള
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ പൊതുമേഖല സ്ഥാപനങ്ങൾക്കും
പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ,
ജോയിന്റ് സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ,
സെക്രട്ടറി , ഗവർണർ
സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ, കേരള, തിരുവനന്തപുരം
പ്രൈവറ്റ് സെക്രട്ടറി, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ
പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, ഡപ്യൂട്ടി സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവ്
അഡീഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറി
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
സെക്രട്ടറി, കേരള മനുഷ്യവകാശ കമ്മീഷൻ
ഓംബുഡ്സ്മാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനം
നോഡൽ ഓഫീസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അപേക്ഷ

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എന്റെ ഒരു മാസത്തെ പെൻഷന് തുല്യമായ തുക അല്ലെങ്കിൽ ................................................................................ .തുക ............. തവണയായി നൽകുന്നതിന് സമ്മതമാണെന്നറിയിക്കുന്നു.

ഒപ്പ് :

തീയതി :

പേര് :

സ്ഥലം :

പി പി ഒ നമ്പർ:

മേൽവിലാസം

ഫോൺ നം.

ട്രഷറി ഓഫീസറുടെ ഒപ്പ്

മുദ്ര